"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യൂ.എം.പി. - ഐ.ഇ.സി. മാർഗരേഖ അംഗീകരിച്ചും മാർഗനിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.397/2025/LSGD തീയതി,തിരുവനന്തപുരം, 08-02-2025

---

പരാമർശം:- (1) കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്റ്റ് ഡയറക്ടറുടെ 03.10.2021-ലെ 1832/IEC/KSWMP/2024 നമ്പർ കത്ത്.

(2) 11.11.2024-ലെ കെ.എസ്.ഡബ്ല്യൂ.എം.പി.യുടെ ഏഴാമത് എംപവേർഡ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

(3) കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്റ്റ് ഡയറക്ടറുടെ 23.12.2024-ലെ 1832/IEC/2024/KSWMP നമ്പർ കത്ത്.

**ഉത്തരവ്**

ഖരമാലിന്യ പരിപാലനത്തെക്കുറിച്ചുള്ള അറിവില്ലായ്മ, അനുഗുണമായ മനോഭാവത്തിന്റെ അഭാവം, അനുകരണീയ മാതൃകകളുടെ കുറവ് എന്നിവ മാലിന്യ സംസ്കരണ രംഗത്ത് നേരിടുന്ന പ്രധാന വെല്ലുവിളികളാണെന്നും ഖരമാലിന്യ പരിപാലനത്തിന് ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യപരിപാലന സംവിധാനങ്ങൾ ഒരുക്കുന്നതിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി കേരള ഖരമാലിന്യ പരിപാലന പദ്ധതി, നഗര തദ്ദേശസ്ഥാപന തലത്തിൽ വിപുലമായ പ്രചരണ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായും, ഇതിനായി മുഴുവൻ നഗര തദ്ദേശസ്ഥാപനങ്ങൾക്കുകൂടി ഒരു വർഷത്തേക്ക് 7.2 കോടി രൂപ കെ.എസ്.ഡബ്ല്യൂ.എം.പി. വകയിരുത്തിയിട്ടുള്ളതായും പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

(2) ബോധവത്കരണ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, ധനവിനിയോഗം, റിപ്പോർട്ടിങ് തുടങ്ങിയ മേഖലകളിൽ നഗര തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട വസ്തുതകളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ ഒരു മാർഗരേഖ കെ.എസ്.ഡബ്ല്യൂ.എം.പി. തയ്യാറാക്കിയിരുന്നു. പ്രസ്തുത മാർഗരേഖ പരാമർശം (2) പ്രകാരം എംപവേർഡ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നല്കിയിട്ടുണ്ട്.

(3) മാർനിർദ്ദേശങ്ങൾ അംഗീകരിക്കണമെന്നും ആയതിൻ പ്രകാരം ബോധവത്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് എല്ലാ നഗര തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്നും പരാമർശം (1), (3) എന്നിവ പ്രകാരം

കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള, നഗരസഭാതല ഐ.ഇ.സി. പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ചും, മാർഗനിർദ്ദേശങ്ങൾ പ്രകാരം ബോധവത്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്.
എല്ലാ നഗര തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 09-02-2025 08:44:46

പകർപ്പ് :-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.ക്ക്.